# നന്മണ്ട എ. യു. പി സ്കൂൾ

## നന്മണ്ട

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026



# ആമുഖം

കേരളത്തിലെ പൊതു വിദ്യാലയങ്ങളെ മികവിൻറെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ, 2017-18 അക്കാദമിക വർഷം മുതൽ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൻറെ ഭാഗമായി നടന്നു വരികയാണ്. ഒരു വിദ്യാലയത്തിലെ ഓരോ കുട്ടിയുടെയും പഠന പുരോഗതിയും സമഗ്ര വികാസവും ഉറപ്പാക്കുന്നതിന് അക്കാദമിക് ആസൂത്രണം വിവിധതലങ്ങളിൽ നടക്കേണ്ടതുണ്ട് .സ്കൂൾതല അക്കാദമിക് മാസ്റ്റർ പ്ലാൻ ഇതിനായുള്ള ഒരു പൊതു ചട്ടക്കൂടാണ് .വിദ്യാലയ കാഴ്ചപ്പാട്, അക്കാദമിക ലക്ഷ്യങ്ങൾ, വിഭവ വിനിയോഗ പ്രവർത്തന പരിപാടികൾ, എന്നീ മേഖലകൾക്ക് ഊന്നൽ നൽകി കൊണ്ടാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

1905 സ്ഥാപിതമായ നന്മണ്ട എയുപി സ്കൂൾ, നന്മണ്ട ഗ്രാമ പഞ്ചായത്തിൻറെ തലസ്ഥാനം എന്നറിയപ്പെടുന്ന പത്താം വാർഡിൽ സ്ഥിതി ചെയ്യുന്നു. സാംസ്കാരികപരമായും ഐതിഹ്യപരമായും ഏറെ മുന്നിട്ടു നിൽക്കുന്ന നന്മണ്ട യുടെ ഹൃദയഭാഗത്ത് ഒരു നൂറ്റാണ്ടിലേറെയായി തലമുറകൾക്ക് അറിവിൻറെ വെളിച്ചം പകർന്നു നൽകുന്ന സരസ്വതി ക്ഷേത്രം ആയി ഇന്നും തലയുയർത്തിനിൽക്കുന്നു. ആരംഭത്തിൽ അഞ്ചാം തരം വരെ പ്രവർത്തിച്ചിരുന്ന വിദ്യാലയം പിന്നീട് ഏഴാം തരം വരെ ആക്കി ഉയർത്തപെടുകയായിരുന്നു. 1905 ൽ നന്മണ്ട പോസ്റ്റ് ഓഫീസ് പ്രവർത്തിച്ചിരുന്നത് വിദ്യാലയത്തിലായിരുന്നു.

# അടിസ്ഥാനവിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിൻറെ പേര് | : | നന്മണ്ട എയുപി സ്കൂൾ , നന്മണ്ട |
| വിലാസം | : | നന്മണ്ട പി ഒ, കോഴിക്കോട് 6 7 3 6 1 3 |
| ഫോൺ | : | 0495 2855602 |
| സ്കൂൾ കോഡ് | : | 47561 |
| വിദ്യാഭ്യാസ ഉപജില്ല | : | ബാലുശ്ശേരി |
| വിദ്യാഭ്യാസജില്ല | : | താമരശ്ശേരി |
| റവന്യൂജില്ലാ | : | കോഴിക്കോട് |
| ബിആർസി | : | ചേളന്നൂർ |
| സി ആർ സി | : | കൊളത്തൂർ എസ് എം ജി എം ജി എച്ച് എസ് എസ് |
| ഗ്രാമപഞ്ചായത്ത് | : | നന്മണ്ട വാർഡ് 9 |
| ബ്ലോക്ക് പഞ്ചായത്ത് | : | ചേളന്നൂർ |
| ജില്ലാ പഞ്ചായത്ത് | : | കോഴിക്കോട് |
| നിയമസഭാമണ്ഡലം | : | ഏലത്തൂർ |
| ലോകസഭാ മണ്ഡലം | : | കോഴിക്കോട് |
| താലൂക്ക് | : | കോഴിക്കോട് |
| വില്ലേജ് | : | നന്മണ്ട |
| ഇമെയിൽ | : | headmasternaups@gmail.com |
| വെബ്സൈറ്റ് | : | |
| സ്കൂൾ വിക്കി | : | |

## ലക്ഷ്യങ്ങൾ

1. മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.
2. അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.
3. ഒന്നാംതരം മുതൽ ഏഴാം തരം വരെ ഓരോ ക്ലാസ്സടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യ പദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാൻ ഉതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.
4. അധ്യാപനവും അദ്ധ്യയനവും സർഗ്ഗാത്മകവും രസകരവും ആക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

### പദ്ധതി രൂപീകരണ പ്രക്രിയ- വിവിധ ഘട്ടങ്ങൾ

1. എസ് ആർ ജി യോഗത്തിൽ അക്കാദമിക് മാസ്റ്റർ പ്ലാൻ വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും
2. വികസന ആവശ്യങ്ങൾ ക്ലാസ് - വിഷയം അടിസ്ഥാനത്തിൽ ബൗദ്ധികം - അക്കാദമികം – സാമൂഹികം- എന്നിങ്ങനെ തിരിച്ച് രൂപരേഖ തയ്യാറാക്കൽ.
3. കരട് രൂപരേഖ എസ് .ആർ .ജി ,എസ് .എം. സി , പി. ടി .എ, എം. പി. ടി. എ, ഒ . എസ്. എ ,എസ് .ഡി .സി. രാഷ്ട്രീയ സംഘടനാ പ്രതിനിധികൾ, ജനപ്രതിനിധികൾ തുടങ്ങിയവർ അടങ്ങുന്ന ശിൽപ്പശാലയിൽ അവതരിപ്പിക്കൽ.
4. ശില്പ ശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ
5. പിടിഎ നേതൃത്വത്തിൽ ക്രോഡീ കൃത പദ്ധതിരേഖ തയ്യാറാക്കൽ

### നിലവിലെ അവസ്ഥാവിശകലനം

**ഭൗതികം** - സ്കൂളിലേക്ക് കുട്ടികൾക്ക് സുഖമായി എത്തിച്ചേരാനുള്ള വഴി യുടെ അഭാവം .ക്ലാസ് മുറികളുടെ മേൽക്കൂര, നിലം എന്നിവയുടെ ശോച്യാവസ്ഥ മാറേണ്ടതുണ്ട്. ലാബ്, ലൈബ്രറി, സ്മാർട്ട് ക്ലാസ് റൂം, എന്നിവയ്ക്ക് മതിയായ സൗകര്യങ്ങളുള്ള കെട്ടിടങ്ങൾ ഇല്ല. ആധുനികസൗകര്യങ്ങൾ ഉള്ള ശൌച്യാലയം ആവശ്യമാണ് .ചുറ്റുമതിൽ പൂർണ്ണമല്ല (കവാടം ഇല്ല. ഓപ്പൺ എയർ സ്റ്റേജ് ആവശ്യമാണ്, ബയോഗ്യാസ് , ആകർഷകമായ പൂന്തോട്ടം, പാർക്ക്, ജൈവവൈവിധ്യ പാർക്ക് എന്നിവയും ആവശ്യമാണ് )

**അക്കാദമികം**

വിവിധ മത്സര പരീക്ഷകളിലെ കുട്ടികളുടെ മികവ് ഇനിയും വർദ്ധിക്കേണ്ടതുണ്ട്. ഭാഷാശേഷി വർദ്ധിക്കുന്നതിനായി പ്രത്യേകം പരിശീലന പരിപാടികൾ ആവശ്യമാണ്. സ്കൂൾ ഗ്രന്ഥശാല നവീകരണം, ലബോറട്ടറി ആധുനികവൽക്കരണം, ക്ലാസ് ലൈബ്രറികൾ ക്രമീകരണം എന്നിവ നടക്കേണ്ടതാണ് . കലാകായിക പരിശീലനം നല്കാൻ അധ്യാപകരുടെ പൂർണസമയ സേവനം ലഭ്യമാകുന്നില്ല. വിദ്യാർത്ഥികൾക്ക് കായികക്ഷമത വർധിപ്പിക്കുന്നതിനായി ആവശ്യമായ സ്പോർട്സ് കിറ്റുകൾ ആവശ്യമുണ്ട് .

**<u>മികവിന് ആയി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തിൽ</u>**

**അക്കാദമികം:**

- ഭാഷാശേഷി വികസനം
- ഗണിത ശേഷി വികസനം
- ഇംഗ്ലീഷ് പഠന പരിപോഷണം
- ശാസ്ത്ര പരിപോഷണ പരിപാടി
- വായന പരിപോഷണ പരിപാടി
- ലബോറട്ടറി ആധുനിക വൽക്കരിക്കൽ
- പ്രതിഭാ പോഷണ പരിപാടി
- നാടകകളരി
- ജൈവവൈവിധ്യ പാർക്ക്
- സാഹിത്യ പോഷണ പരിപാടികൾ
- പഠനയാത്രകൾ
- സെമിനാറുകൾ
- കലാകായിക മേള
- ഐടി പരിശീലനം
- അധ്യാപക ശാക്തീകരണ പരിപാടികൾ
- ക്ലാസ് പിടിഎ സജീവമാക്കൽ
- സ്കൂൾ പത്രം /മാസിക
- പ്രവൃത്തി ഉദ്ഗ്രഥിത  പഠനം
- ഒന്നാം ക്ലാസ് ഒന്നാം തരം
- SRG ശാക്തീകരണം
- ശാസ്ത്രാഭിരുചി വളർത്തൽ
- പച്ചക്കറിതോട്ടം
- രചന ശില്പശാല
- അഭിമുഖങ്ങൾ
- മെഡിക്കൽ ക്യാമ്പ്
- പോഷകാഹാര പരിപാടി
- പാവ നാടക പരിശീലനം / ശിൽപശാല
- ഒറിഗാമി ശില്പശാല
- ഗണിത ലാബ് ഗണിതാന്തരീക്ഷ മൊരുക്കൽ
- ഭാഷാ ലാബ്
- ബ്ലോഗ്
- ടേം മൂല്യനിർണയം നിരന്തര വിലയിരുത്തൽ

- ദിനാചരണം
- കായിക പഠനം
- ഗവേഷണാത്മക മായ പ്രവർത്തനങ്ങൾ

**ഭൗതികം:**

- ചുറ്റുമതിൽ
- ഗേറ്റ്
- കളിസ്ഥലം
- ചിൽഡ്രൻസ് പാർക്ക്
- ക്ലാസ് മുറികൾ വിശ്രമമുറി
- കമ്പ്യൂട്ടർ റൂം
- മൾട്ടിമീഡിയ റൂം
- ലൈബ്രറി
- അടുക്കള
- അസംബ്ലി ഹാൾ
- കുടിവെള്ള വിതരണം
- മാലിന്യ സംസ്കരണം
- ടോയ്‌ലെറ്റ്
- ലബോറട്ടറി
- ജന്മദിനത്തിന് ഒരു പുസ്തകം
- ചിത്രരചന
- എൻറെ വീട്ടിലും ഒരു കൃഷിത്തോട്ടം
- എൻറെ ചെടി എനിക്കും പറയാനുണ്ട്
- ഭാഷാ ഉത്സവം ഗണിതോത്സവം

**സാമൂഹികം:**

- പിടിഎ ശക്തിപ്പെടുത്തൽ
- പൂർവ്വവിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം
- വിദ്യാലയ മികവുകൾ *
- പൊതുസമൂഹവുമായി പങ്കിടൽ
- വിദ്യാലയ വിഭവങ്ങൾ സമൂഹത്തിന് കൂടി പ്രയോജനപ്പെടുത്തൽ
- ഭവനസന്ദർശനം
- വിദ്യാലയ വികസന സമിതി

പ്രവർത്തനം - 1

പ്രവർത്തനത്തിൻറെ പേര് : വിദ്യാലയത്തിലേക്ക് റോഡ്

ഉപ മേഖല : ഭൗതിക വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂളിലേക്ക് കുട്ടികൾക്ക് സുഖമായി എത്തിച്ചേരാനുള്ള വഴി ഒരുക്കുക | • വഴിക്ക് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള മീറ്റിങ്ങുകൾ ചർച്ചകൾ.<br>• സ്ഥലമേറ്റെടുക്കൽ<br>• റോഡ് വിസ്തൃതി കൂട്ടൽ<br>• ടാറിങ് | മൂന്ന് മാസം | എച്ച് എം<br>പിടിഎ<br>മാനേജർ<br>എസ് എസ് ജി | മാനേജർ |

പ്രവർത്തനം - 2

പ്രവർത്തനത്തിൻറെ പേര് : ക്ലാസ് മുറികളുടെ നവീകരണം

ഉപമേഖല : ഭൗതിക വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ക്ലാസ് മുറികളിലെ നില മേൽക്കൂര എന്നിവ നവീകരിക്കുക | പ്ലാൻ തയ്യാറാക്കൽ<br>ടെസ്റ്റ് വർക്ക് | 2 മാസം | എച്ച് എം<br>പിടിഎ<br>മാനേജർ<br>എസ് എസ് ജി | മാനേജർ |
| ലാബ് (സയൻസ് കമ്പ്യൂട്ടർ etc.) | ഉപകരണങ്ങൾ,പ്ലാൻ തയ്യാറക്കൽ, ശേഖരിക്കൽ | 6 മാസം | | |
| ലൈബ്രറി വികസനം | പുസ്തകം ശേഖരണം, പഴയ ലഭ്യമായ പുസ്തകങ്ങൾ കേടുപാടുകൾ തീർത്ത് തരംതിരിക്കൽ. | | | |

| | | | | |
|---|---|---|---|---|
| സ്മാർട്ട് ക്ലാസ് റൂം | സ്മാർട്ട് ക്ലാസ്സ് റൂമിനാവശ്യമായ ഇന്ഫ്രാസ്ടക്ച്ചർ ഒരുക്കൽ | 6 മാസം | | |
| ചുറ്റുമതിലും കവാടവും | ചുറ്റുമതിൽ ഇല്ലാത്ത ഇടങ്ങളിൽ നിർമിക്കുക. മുൻവശത്തെ ചുറ്റുമതിൽ ആകർഷകമാക്കുക | | | |
| ആധുനിക സൗകര്യങ്ങളുള്ള ശൗചാലയം | സൗകര്യപ്രദമായസ്ഥലത്ത് ശൌചാലയസമുച്ചയം നിർമിക്കൽ | 2 മാസം | | |
| ബയോഗ്യാസ് | വിദ്യാലയത്തിലുണ്ടാകുന്ന ജൈവ മാലിന്യം ബയോഗ്യാസ് പ്ലാൻറിൽനിക്ഷേപിച്ച് പാചകാവശ്യത്തിനുള്ള ഊർജ്ജം കണ്ടെത്തൽ | 1വർഷം | | |

പ്രവർത്തനം 3

പ്രവർത്തനത്തിന് പേര് : നക്ഷത്രവനം

ഉപമേഖല :അക്കാദമികം

| പ്രവർത്തനങ്ങൾ | ലക്ഷ്യം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂളിൽ സൗകര്യപ്രദമായ സ്ഥലത്ത് ജൈവവൈവിധ്യ പാർക്ക് നിർമ്മിക്കൽ | പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കുക | ഒരു പ്രാവശ്യം | SRG | SSA 25000/- |

പ്രവർത്തനം - 4

പ്രവർത്തനത്തിന് പേര് : കിഡ്സ് പാർക്ക്

ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക പ്രവർത്തനങ്ങളിൽ കുട്ടികളിൽ താൽപര്യം വളർത്തുക | സ്കൂളിൽ സൗകര്യപ്രദമായ സ്ഥലത്ത് കിഡ്സ് പാർക്ക് നിർമ്മിക്കൽ | ഒരു പ്രാവശ്യം | SRG | |

പ്രവർത്തനം -5

പ്രവർത്തനത്തിന് പേര് : പച്ചക്കറിത്തോട്ടം

ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറി തോട്ടം ഉണ്ടാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | SRG SSG | കൃഷി വകുപ്പ് |

പ്രവർത്തനം - 6

പ്രവർത്തനത്തിന് പേര് : മത്സര പരീക്ഷകൾക്ക് പരിശീലനം

ഉപമേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അറിവിൻറെ ജനകീയ വൽക്കരണം | അവധിദിവസങ്ങളിൽ വിവിധ മത്സര പരിപാടികൾക്ക് തയ്യാറാവുന്ന വിദ്യാർത്ഥികൾക്ക് പരിശീലനം നൽകൽ (LSS, USS, NEUMATS, NMMS ETC.) അധ്യാപകരും മുൻ അധ്യാപകരും ഉൾപ്പെടുന്ന സമിതിക്ക് പരിശീലനത്തിന്റെ നേതൃത്വം | ആഴ്ചയിൽ | | |

പ്രവർത്തനം - 7

പേര് : ദിനാചരണങ്ങൾ

ഉപമേഖല : സമഗ്രവികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ ശേഷി കളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളു മായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ് ആർ ജിയിൽ ഉൾപ്പെടെ രൂപപ്പെടുത്തുന്നു . നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു | ആവശ്യാനുസരണം | SRG | |

പ്രവർത്തനം -8

പേര് : ഒരിഗാമി ശില്പശാല

ഉപമേഖല : അക്കാദമികം / ഗണിതശേഷികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രസകരമായ ഗണിത ശാസ്ത്ര പഠനവും കര ചലനശേഷി കളുടെ വികാസവും | ജാപ്പനീസ് കലയായ ഒരിഗാമി യിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ, വിവിധ രൂപങ്ങൾ നിർമിക്കുന്നു അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ് ആർ ജി , ഒ എസ് എ | 1000/- ഒ എസ് എ |

പ്രവർത്തനം -9

പേര് : ഗണിതലാബ് സജ്ജീകരിക്കൽ

ഉപമേഖല : അക്കാദമികം / ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതപഠന പ്രവർത്തനങ്ങൾ സുഖമമാക്കൽ | വിദ്യാലയത്തിലെ ഒരു റൂമിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിതക്ലാസ് നടത്തൽ | ആവശ്യാനുസരണം | എസ് ആർ ജി ഗണിത ക്ലബ്ബ് | |

പ്രവർത്തനം -10

പേര് : ഗണിത പാർക്ക്

ഉപമേഖല : അക്കാദമികം / ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതം മധുരതരമാക്കൽ | ജാമിതീയരൂപങ്ങൾ പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | 1,000/- (പി ടി എ) |

പ്രവർത്തനം 11

പ്രവർത്തനത്തിന് പേര് : ശാസ്ത്ര യാത്രകൾ (Field Trips)

ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പഠനം രസകരമാക്കൽ | കുസാറ്റിലെ ശാസ്ത്ര സമൂഹ കേന്ദ്രം ശാസ്ത്ര പ്രദർശനങ്ങൾ മെഡിക്കൽ പ്രദർശനങ്ങൾ തുടങ്ങിയവ നിരീക്ഷിക്കുന്നതിനുള്ള പഠനയാത്രകൾ | പ്രതിവർഷം 3 യാത്രകൾ | സയൻസ് ക്ലബ് പി ടി എ | 15000 ഒ എസ് എ |

പ്രവർത്തനം - 12

പേര് : മേളകൾ

ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക | സ്കൂൾതല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ ഉപജില്ലാ തലത്തിൽ പരമാവധി പങ്കാളിത്തം | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ് | 10,000/- സി എസ് ആർ ഫണ്ട് |

പ്രവർത്തനം 13

പേര് : ക്ലാസ് പിടിഎ സജീവമാക്കൽ

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | ക്ലാസ് പിടിഎ കൃത്യമായ അജണ്ട വച്ച് പ്രതിമാസം ചേരൽ പഠനപുരോഗതി പരിശോധിക്കൽ മികവുകളുടെ അവതരണം പൊതുചർച്ച എന്നിവയുണ്ടാകണം | പ്രതിമാസ പരിപാടി | ക്ലാസ് ടീച്ചർ | |

പ്രവർത്തനം 14

പേര് : പോഷകാഹാര പരിപാടി

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്ത മെനു വെച്ച് പോഷകസമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | ഉച്ചഭക്ഷണ ചുമതലയുള്ള ടീച്ചർ എച്ച് എം പി ടി എ | 50000/- സി എസ് ആർ ഫണ്ട് |

പ്രവർത്തനം -15

പേര് : ഗവേഷണ പ്രൊജക്റ്റുകൾ

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയത്തിൻറെ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും കൂടുതൽ മികവുറ്റതാക്കുന്നതിനും അതിനും ഉപകരിക്കുന്ന ഗവേഷണങ്ങൾ | പ്രവർത്തനങ്ങൾ പൂർവവിദ്യാർഥികളുടെ ഡാറ്റാ ബുക്ക് തയ്യാറാക്കൽ പഠന പിന്നോക്കാവസ്ഥയു ള്ളവർക്കുള്ള പ്രത്യേക വർക്ക്ഷീറ്റുകൾ തയ്യാറാക്കൽ സർവ്വേ നടത്തി ഇനിയും മെച്ചപ്പെടുത്തേണ്ടവ കണ്ടെത്തൽ തുടങ്ങിയ പ്രവർത്തനങ്ങൾ | വർഷത്തിൽ ഒന്ന് വീതം | എസ് ആർ ജി , പി ടി എ , എം പി ടി എ , എസ് എസ് ജി | |

പ്രവർത്തനം 16

പേര് : ജന്മദിനത്തിന് ഒരു പുസ്തകം

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ക്ലാസ്സ് ലൈബ്രറിയുടെ നവീകരണം | ക്ലാസ് ടീച്ചറും കുട്ടികളും ജന്മദിനത്തിൽ ഒരു പുസ്തകം വീതം ക്ലാസ് ഗ്രന്ഥശാലയിലേക്ക് സംഭാവന ചെയ്യുന്നു കുടുംബാംഗങ്ങളെ മുഴുവൻ ഈ പ്രവർത്തനത്തിൽ പങ്കാളികളാക്കാം | എല്ലാ ജന്മദിനങ്ങളിലും | ക്ലാസ് ടീച്ചർ ക്ലാസ് ലീഡർ | |

പ്രവർത്തനം -17

പേര് : പൂർവ വിദ്യാർത്ഥി സംഗമങ്ങൾ

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | വിവിധ ബാച്ചുകളിലായി പൂർവവിദ്യാർഥിസംഗമം വിളിച്ചു ചേർക്കൽ അവരുടെ മുൻപിൽ വിദ്യാലയത്തിലെ ആവശ്യങ്ങൾ അവതരിപ്പിക്കൽ/ ഫണ്ട് സമാഹരിക്കൽ | വർഷത്തിൽ രണ്ടു പ്രാവശ്യം | എസ് എസ് ജി ഓ എസ് എ | 5000 ഓ എസ് എ |

പ്രവർത്തനം 18

പേര് : പൂർവ്വാദ്ധ്യാപക സംഗമം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | അദ്ധ്യാപക ഹാജർ ബുക്ക് പരിശോദിച്ച് പൂർവ്വാദ്ധ്യപകരെ വിളിച്ച്ചേർത്ത്സമിതി രൂപീകരിക്കൽ | രണ്ട് വർഷത്തിൽ ഒരിക്കൽ | സ്റ്റാഫ് കൌൺസിൽ | 10000 സ്റ്റാഫ് ഫണ്ട് |

പ്രവർത്തനം -19

പേര് : പ്രീപ്രൈമറി കലോൽസവം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹപങ്കാളിത്തം ഉറപ്പാക്കൽ. നവാഗതരാകേണ്ടവർക്ക് വിദ്യാലയത്തെ അറിയാൻ അവസരം | വിദ്യാലയത്തിൻറെ ഭാഗമായുള്ള പ്രീപ്രൈമറി കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് കലോത്സവം സംഘടിപ്പിക്കൽ, വിരുന്നു നൽകൽ. | വർഷത്തിൽ ഒരുപ്രാവശ്യം | പിടിഎ | 10000 (സ്പോൺസർഷിപ്പ്) |

പ്രവർത്തനം - 20

ലക്ഷ്യം: നാലാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് ഭാഷയിലും, ഗണിതത്തിലും,പരിസര പഠനത്തിലും സമഗ്രവും ആസ്വാദ്യകരവുമായ പഠനം ഉറപ്പാക്കുക .ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുക.

പൊതുതത്വങ്ങൾ :

- കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയും ഉള്ള പഠനം.
- സർഗ്ഗാത്മകതയ്ക്കും സ്വയംപഠനത്തിനും പ്രാധാന്യം.
- സാമൂഹികവും പാരിസ്ഥിതികവുമായ അവബോധം വളർത്തൽ.
- സങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം.
- കുടുംബത്തെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക.

1. **മധുരംമലയാളം (ഭാഷാപഠനം)**

| **പ്രവർത്തനം** | **ലക്ഷ്യം** | **കാലം** | **ചുമതലകൾ** | **സാമ്പത്തികം** |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരൽ. | ലക്ഷ്യം നേടുന്നതുവരെ | SRG, ക്ലാസ് ടീച്ചർ | പിടിഎ ഫണ്ട് |
| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
| ആവശ്യമായ പഠനസാമഗ്രികൾ ഒരുക്കൽ. | | | | |
| വായിക്കാം വളരാം | വായന ശേഷി വളർത്തൽ | വർഷം മുഴുവൻ | HM,SRG , ക്ലാസ് ടീച്ചർ | PTA |
| ക്ലാസ് വായന ക്ലാസ് ലൈബ്രറി ഒരുക്കൽ - പുസ്തകപരിചയം | | | | |

| | | | | |
|---|---|---|---|---|
| വായനാകുറിപ്പ്,ആസ്വാദനക്കുറിപ്പ്,പുസ്തകസംവാദം. | | | CPTA | |
| എഴുതാം തെളിയാം. | എഴുത്ത് പരിപോഷിപ്പിക്കൽ. | പ്രതിമാസം(വർഷം മുഴുവൻ) | SRG,ക്ലാസ് ടീച്ചർ | PTA |
| പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ. | | | | |
| എഴുത്തുകാരുമായി സംവദിക്കൽ | ലേഖനശേഷി വർദ്ധിപ്പിക്കൽ,സാഹിത്യകാരൻമാരെ അടുത്തറിയൽ. | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |
| സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിതിക്കൽ | | | | |
| കണ്ടറിയാം... കേട്ട് അറിയാം... | അറിവ് ഡോക്യുമെൻററിയിലൂടെ നേടൽ (ICT). | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |
| പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ. | | | | |
| രുചിച്ചറിയാം.... | നമ്മുടെ പ്രാചീന (നാടൻ )ഭക്ഷണങ്ങൾ പരിചയപ്പെടൽ. | വർഷത്തിൽ ഒന്ന് | SRG, ക്ലാസ് ടീച്ചർ, PTA | |

| | | | | |
|---|---|---|---|---|
| ഭക്ഷ്യമേള-പാചകക്കുറിപ്പ് അടങ്ങിയ പതിപ്പ് നിർമ്മാണം, ക്ലാസിലൊരുസദ്യ. | | | | |
| ഓർക്കാം – അഭിമാനിക്കാം( സാഹിത്യകാരന്മാർ) | സാഹിത്യകാരന്മാരെ അടുത്തറിയൽ, ഓർമ ദിനങ്ങൾ ആചരിക്കൽ. | ആവശ്യാനുസരണം | SRG, ക്ലാസ്സ് ടീച്ചർ,CPTA | |

| **പ്രവർത്തനം** | **ലക്ഷ്യം** | **കാലം** | **ചുമതലകൾ** | **സാമ്പത്തികം** |
|---|---|---|---|---|
| സാഹിത്യകാരന്മാരുടെ ജന്മ - ചരമദിനാചരണങ്ങൾ സംഘടിപ്പിക്കൽ, ഡോക്യുമെൻററി പ്രദർശനം, പുസ്തക പരിചയം, ക്വിസ്, ലഘുപ്രഭാഷണം, ജീവിതരേഖ തയ്യാറാക്കൽ, പതിപ്പ് നിർമ്മാണം, പ്രദർശനം . | | | | |
| കലക്കൂട്ട് | പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾനേരിട്ടറിയൽ. | വർഷത്തിൽ ഒന്ന് | HM, SRG, CPTA, ക്ലാസ്സ് ടീച്ചർ | PTA |
| പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക്. | | | | |
| ഭാഷാ പഠനത്തിൻറെ ഭാഗമായി നേടിയശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ /പ്രദർശനം (സർഗോൽസവം, കലാവതരണം, | | വർഷത്തിലൊരിക്കൽ | SRG, CPTA, ക്ലാസ്സ് ടീച്ചർ | PTA |

| | | | | |
|---|---|---|---|---|
| കലാ ഉപകരണങ്ങൾ, ചമയങ്ങൾ, പ്രദർശനം). | | | | |
| കുട്ടികളുടെ സർഗ്ഗശേഷി കളുടെ പ്രദർശനം. | | | HM | |

2. വിരിയുന്ന ചിന്തകൾ( ഇംഗ്ലീഷ് ഭാഷാ പഠനം )

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല കൾ | സാമ്പ ത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് അസംബ്ലി | ഇംഗ്ലീഷ് ഫലപ്രദമായ വായിക്കാനും സംസാരിക്കാനും എഴുതാനും ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ട് ദിവസം (വർഷം മുഴുവൻ ) | ക്ലാസ് ടീച്ചർ | |
| അസംബ്ലി ചേരൽ നിയന്ത്രണം കുട്ടികൾക്ക് | | | | |
| ഇംഗ്ലീഷ് ഡയറി | തെറ്റില്ലാതെ ഇംഗ്ലീഷ് | ആഴ്ചയിൽ മൂന്ന് | ക്ലാസ് ടീച്ചർ | |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല കൾ | സാമ്പ ത്തികം |
|---|---|---|---|---|
| നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതൽ. | എഴുതാനുള്ള ശേഷി | ദിവസം (വർഷം മുഴുവൻ ) | | |
| ഇംഗ്ലീഷ് തീയേറ്റർ | സർഗ്ഗാത്മകത പരിപോഷണം | മാസത്തി ലൊന്ന് | ക്ലാസ് ടീച്ചർ | SMC |

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് പാഠഭാഗങ്ങളെവ്യവഹാരരൂപങ്ങളാക്കി അവതരിപ്പിക്കൽ(SKIT,DRAMA,CONVERSATION,STORYTELLING). | | | | |
| ഇംഗ്ലീഷ് മാഗസിൻ | സർഗാത്മകതാ രചനശേഷി വികസനം. | മൂന്ന് മാസത്തിലൊരിക്കൽ | HM, ക്ലാസ്സ് ടീച്ചർ, SMC | SMC |
| മൂന്നുമാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തികൊണ്ട് മാസിക തയ്യാറാക്കൽ | | | | |
| ഇംഗ്ലീഷ് കൈയ്യെഴുത്ത് | ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ് | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| സ്കൂളിലെ വിശേഷദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാടുകൾ നടത്തൽ. | | | | |
| ഇംഗ്ലീഷ് കോർണർ | വായന പരിപോഷണം | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ്സ് ടീച്ചർ | രക്ഷിതാക്കൾ |
| കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാമൂല ഒരുക്കൽ, വായനമേള ഒരുക്കൽ, വായനക്കുറിപ്പ്- | | | | |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല കൾ | സാമ്പ ത്തികം |
|---|---|---|---|---|
| പുസ്തക പരിചയം | | | | |
| ഇംഗ്ലീഷ് ഫെസ്റ്റ് | ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിൽ എത്തിക്കൽ (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസം ഉണ്ടാക്കൽ) | വർഷത്തിൽ ഒന്ന് (അവധിക്കാ ലം ) | എസ് ആർ ജി എസ് എം സി ക്ലാസ് ടീച്ചർ | പിടിഎ ഫണ്ട് |

## കളിക്കാം ......ഗണി ക്കാം .......(ഗണിതപഠനം )

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ നടപ്പാക്കൽ | ഗണിതപഠനം രസകരമാക്കൽ (ചതുഷ് ക്രിയകൾ ലളിതമാക്കൽ) | വർഷം മുഴവൻ | എസ് ആർ ജി ക്ലാസ് ടീച്ചർ | |
| മൂല്യനിർണയം( ഏണിയും പാമ്പും ഡയസ് കളി, സങ്കലനം, വ്യവകലനം, കച്ചവട കളി | | | | |
| ഒറിഗാമി യിലൂടെ പഠിക്കാം | ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ  കര -ചലന ശേഷി വികാസം | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത് ) | ക്ലാസ് ടീച്ചർ | പിടിഎ |
| ഒറിഗാമി രൂപങ്ങളുടെ നിർമാണം, പ്രദർശനം | | | | |
| ഗണിത ലാബ് | ഗണിതപഠനം സുതാര്യമാക്കാൻ ഗണിതലാബ് ഉപയോഗപ്പെടുത്തൽ | വർഷം മുഴവൻ | എച്ച് എം SRG,ക്ലാസ് ടീച്ചർ | പിടിഎ |
| ഗണിതച്ചുമർ | ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | വർഷം മുഴവൻ | ക്ലാസ് ടീച്ചർ | പിടിഎ |

| | | | | |
|---|---|---|---|---|
| ഗണിത ച്ചമർ ഒരുക്കൽ പഠനത്തിന് ഉപയോഗപ്പെടുത്തൽ | | | | |
| ഗണിത പഠനോപകരണ ശില്പശാല | പഠനോപകരണകാളില്ലൂടെ ഗണിത പഠനം രസകരമാക്കൽ | ആവശ്യാനുസരണം | SRG ക്ലാസ്സ് ടീച്ചർ | പിടിഎ |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം പ്രദർശനം | | | | |
| ഗണിതമേള | ഗണിത ശേഷിയുടെ പ്രകടനം | വർഷത്തിലൊന്ന് | SRG, ക്ലാസ്സ് ടീച്ചർ | PTA |
| പ്രശ്നോത്തരി പസിൽ, പാറ്റേൺ, പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം | | | | |

4. അറിയാം.... അടുത്തറിയാം..... (പരിസരപഠനം )

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതി നടത്തം | നിരീക്ഷണം അറിവ് നിർമ്മാണം | ആവശ്യാനുസരണം | എച്ച് എം സി പി ടി എ | PTA |
| പാഠഭാഗവുമായി ബന്ധപ്പെട്ട് ഫീൽഡ് ടിപ്പുകൾ സംഘടിപ്പിക്കൽ | | | | |
| ശാസ്ത്ര മൂല | ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | വർഷം മുഴുവൻ | എച്ച് എം, എസ് ആർ ജി ,ക്ലാസ് ടീച്ചർ | PTA, SSA |
| ശാസ്ത്ര പഠനത്തിന് ആവശ്യമായ സാമഗ്രികൾ ഒരിക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | | | | |

| | | | | |
|---|---|---|---|---|
| ശാസ്ത്ര യാത്ര | ശാസ്ത്രപഠനത്തിൽ താല്പര്യം ജനിപ്പിക്കൾ അന്വേഷണത്വര വളർത്തൽ | ആവശ്യാനുസരണം | എച്ച് എം, എസ് ആർ ജി ,സി പി ടി എ, ക്ലാസ് ടീച്ചർ | PTA, രക്ഷിതാക്കൾ |
| വാനനിരീക്ഷണകേന്ദ്രം സയൻസ് പാർക്ക് ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ ഫോക്ലോർ അക്കാദമി ഇഫ് സന്ദർശിക്കൽ | | | | |
| ഭൂപടമൊരുക്കാം | ഭൂപട വായന, ഭൂപടരചന, സൂചിക | വർഷത്തിൽ ഒന്ന് | എസ് ആർ ജി, ക്ലാസ് ടീച്ചർ | PTA |

X--------------------------------X